www.malankaralibrary.com

# Malankara Catholic Youth Movement
# MCYM

## Theme 2025




**യുവജനങ്ങളെ, ദൈവവചനത്തിൽ വസിക്കുക**

***Youth, Abide in the Word of God***

**Central Secretariat 2024-25**

www.malankaralibrary.com

**യുവജനങ്ങളെ, ദൈവവചനത്തിൽ വസിക്കുക**
**Youth, Abide in the Word of God**
MCYM Theme - 2025

*Prepared by*
**Fr. Dr. Prabheesh George**
Global Director, MCYM

*Published by*
**MCYM Central Secretariate,**
Major Archiepiscopal Curia
Catholicate Center, Pattom
Trivandrum-04, Kerala

*Published on*
01 February 2025

*Layout*
*Syam | Nia Graphics | Chowara*

www.malankaralibrary.com

## മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം
## (എം.സി.വൈ.എം.)

# തീം 2025

# യുവജനങ്ങളെ,
# ദൈവവചനത്തിൽ വസിക്കുക

## സഭാതല സമിതി 2024–25

www.malankaralibrary.com

# യുവജനങ്ങളെ, ദൈവവചനത്തിൽ വസിക്കുക

## (എം.സി.വൈ.എം. തീം – 2025)

തയ്യാറാക്കിയത്: **ഡോ. ഫാ. പ്രഭീഷ് ജോർജ്ജ്**
എം.സി.വൈ.എം. സഭാതല ഡയറക്ടർ

1930 സെപ്തംബർ 20-ന് നടന്ന പുനരൈക്യ സംഭവത്തിന്റെ ശതാബ്ദി ആഘോഷത്തിനുള്ള ഒരുക്കത്തിന്റെ പാതയിലാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന ഏറ്റവും വലിയ ഈ സഭാപ്രസ്ഥാനത്തിന്റെ ശതാബ്ദിയുടെ അർത്ഥവത്തായ ആഘോഷങ്ങൾക്കായി നമ്മുടെ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിശ്വാസികളുടെ ആത്മീയ നവീകരണത്തിനായി *ദൈവവചന വർഷം* പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ അപ്പസ്തോലിക സഭയുടെ യുവജനങ്ങളായ നമ്മുടെ ഉത്തരവാദിത്വമാണ് ദൈവവചനത്തിന്റെ വെളിച്ചത്തിൽ നമ്മെ തന്നെ നവീകരിക്കുക എന്നത്. ആയതിനാൽ, 2025 വർഷത്തിൽ, യുവജന ശുശ്രൂഷയിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും നാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, "യുവജനങ്ങളെ, ദൈവവചനത്തിൽ വസിക്കൂക" എന്ന പഠന വിഷയത്തിലാണ്. "നിന്റെ വചനം എന്റെ കാലുകൾക്ക് പ്രകാശവും, എന്റെ വഴികളിൽ വെളിച്ചവുമാണ്" (സങ്കീ 119:105) എന്ന സങ്കീർത്തകന്റെ പ്രാർത്ഥന അടിസ്ഥാനമാക്കിയാണ് നാം ഈ പഠനവിഷയം പരിചിന്തനം ചെയ്യുന്നത്. നിരാശയും പരാജയവും നിറഞ്ഞ അന്ധകാരത്തിലൂടെ നാം കടന്നുപോകുമ്പോൾ, ദൈവത്തിന്റെ വചനമാണ് നമ്മുടെ പാതകളെ പ്രകാശിതമാക്കുന്നത്. വി. യാക്കോബ് ശ്ലീഹാ പറയുന്നതെന്തെന്നാൽ ഒരുവന് സ്വന്തം രൂപം വ്യക്തമായി കാണാൻ സാധിക്കുന്ന ഒരു കണ്ണാടിയാണ് ദൈവവചനം (യാക്കോ 1:23) എന്നാണ്. അതിനർത്ഥം, നമ്മുടെ ശക്തിയും ബലഹീനതകളും വെളിപ്പെടുത്തിക്കൊണ്ട് നമ്മെ വ്യക്തമായി കണ്ടെത്താൻ നമ്മെ സഹായിക്കുന്നത് ദൈവവചനമാണ്. ആയതിനാൽ, ദൈവവചനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ സഭാത്മകവും അതുപോലെ, വ്യക്തിപരവുമായ ജീവിതം നവീകരിക്കാൻ ഈ പഠനവിഷയത്തെക്കുറിച്ച് നമുക്ക് പരിചിന്തനം നടത്താം.

www.malankaralibrary.com

### 1. ദൈവവചനം: ജീവനേകുന്ന വെളിച്ചം

വി. യോഹന്നാന്റെ സുവിശേഷം ആരംഭിക്കുന്നത് ഒരു പ്രഖ്യാപനത്തോടെയാണ്: "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടു കൂടിയായിരുന്നു, വചനം ദൈവമായിരുന്നു" (യോഹ 1:1). നാലാമത്തെ സുവിശേഷം ദൈവവചനത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത് *ലോഗോസ്* എന്ന ഗ്രീക്ക് പദമാണ്. ലോഗോസ്, ആൽഫയും ഒമേഗയുമാണ് അല്ലെങ്കിൽ ആദിയും അന്ത്യവുമാണ്, ആയതിനാൽ അത് നിത്യമാണ്. യോഹന്നാന്റെ ദൈവശാസ്ത്രത്തിൽ, ദൈവം തന്നെയാണ് ലോഗോസ്, ഈ ലോഗോസ് തന്നെയാണ് തിരുവതാരത്തിൽ മനുഷ്യരൂപം പ്രാപിച്ചത്. അതിലുപരി, സുവിശേഷത്തിൽ ലോഗോസിനെ അവതരിപ്പിച്ചിരിക്കുന്നത് ഒരു വ്യക്തിയായിട്ടാണ്. അവൻ പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളാണ്. ലോഗോസിന്റെ ആൾരൂപമാണ് മനുഷ്യരൂപം ധരിച്ച ക്രിസ്തു. ആയതിനാൽ, വി. യോഹന്നാൻ ശ്ലീഹാ, ലോഗോസ്, ക്രിസ്തു എന്നീ വാക്കുകൾ പരസ്പരം മാറ്റാവുന്ന രീതിയിൽ ഉപയോഗിക്കുന്നു. "സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെ കൂടാതെ ഉണ്ടായിട്ടില്ല" (യോഹ1:3). പിതാവായ ദൈവത്തോടൊപ്പം സ്ഥിതിചെയ്യുന്ന ലോഗോസ് ലോകത്തിന്റെ സൃഷ്ടിപരമായ തത്വമാണ് (creative principle of the world). ലോഗോസിനെക്കൂടാതെ യാതൊന്നും ലോകത്തിൽ ഉണ്ടായിട്ടില്ല. ആയതിനാൽ, ലോഗോസിനെ സർവശക്തനായി (Omnipotent) അവതരിപ്പിക്കുന്നു, എല്ലാം ലോഗോസ് വഴി സൃഷ്ടിക്കപ്പെട്ടു എന്നാണ് അതിനർത്ഥം; ജീവൻ പോലും ലോഗോസിൽ നിന്ന് ആവിർഭവിക്കുന്നു. ജീവന്റെ ഉറവിടം നിത്യവചനമായ ക്രിസ്തുവും, നാം നിത്യജീവൻ പ്രാപിക്കുന്നത് ജീവന്റെ യഥാർത്ഥ ഉറവിടമായ ക്രിസ്തുവിൽ നിന്നുമാണ്. "എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന്, വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7:38).

"അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല" (യോഹ 1:4-5). ദൈവവചനം ജീവാത്മ തത്വം മാത്രമല്ല ലോകത്തിന്റെ പ്രകാശം കൂടിയാണ്. ദൈവവചനം കൂടാതെ ഒന്നിനും നിലനിൽക്കാൻ സാധിക്കില്ല. വി. യോഹന്നാൻ വചനത്തെ ജീവനും പ്രകാശവുമായി അവതരിപ്പിക്കുമ്പോൾ വി. മത്തായി യേശുവിന്റെ ജനനത്തെക്കുറിച്ച് പറയുന്നത് ഒരു പുതിയ പ്രഭാതമായിട്ടാണ്. "അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു" (മത്താ 4:16). വചനത്തിന്റെ തിരുവവതാരം അന്ധകാരമദ്ധ്യേ സൂര്യൻ ഉദിച്ചുയരുന്നതുപോലെയാണ്. അതിനർത്ഥം, ദൈവവചനം അല്ലെങ്കിൽ ലോഗോസ് മനുഷ്യകുലത്തിലേയ്ക്ക് കടന്നുവന്നത് ലോകത്തിന്റെ പ്രകാശമായിട്ടാണ്. ഇത് "മനുഷ്യരുടെ വെളിച്ചമായി

www.malankaralibrary.com

രുന്നു" (യോഹ 1:4). യേശു തന്റെ പരസ്യജീവിത കാലത്ത് പറഞ്ഞു: "ഞാൻ ലോകത്തിന്റെ പ്രകാശമാണ്." നിത്യജീവിതത്തിലേയ്ക്ക് നമ്മെ നയിക്കുന്ന യഥാർത്ഥ പ്രകാശം യേശു തന്നെയാണ്. ക്രിസ്തുവിന്റെ കരംപിടിക്കുന്നവരും അല്ലെങ്കിൽ, ദൈവവചനത്തെ അനുസരിക്കുന്നവരും ഒരിക്കലും അന്ധകാരത്തിലേയ്ക്ക് നടക്കുകയില്ല. നമ്മുടെ ജീവിതത്തിന്റെ ദീപം നാം സ്വീകരിക്കുന്നത് ദൈവവചനത്തിൽ നിന്നാണ്. അക്കാരണത്താൽ ഈശോ പറഞ്ഞു:"നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ 5:14). ഈശോയുടെ യുവജനങ്ങൾ എന്ന രീതിയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നത് വചനത്തിന്റെ പ്രകാശത്തിൽ എപ്പോഴും നടക്കാനാണ്. ആയതിനാൽ, "എന്റെ വചനത്തിൽ വസിക്കുക" എന്ന ഈശോയുടെ ക്ഷണം വചനത്താൽ പ്രകാശിതമാകാനും അതുപോലെ ലോകത്തിൽ സത്യപ്രകാശമായി പ്രശോഭിക്കാനുമാണ്.

**2. വസിക്കുക: ഒരു തുടർബന്ധമാണ്**

'എന്നിൽ വസിക്കുക" എന്ന ഈശോയുടെ ക്ഷണം എല്ലാവരോടുമുള്ള ഒരു തുറന്ന ക്ഷണമാണ്. അബൈഡ് (abide) എന്ന് ആംഗലേയ പദം മെനോ (*meno*) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് വന്നിരിക്കുന്നത്. ഇതിന് മൂന്ന് വ്യത്യസ്തമായ അർത്ഥങ്ങളുണ്ട്. 1. നൽകപ്പെട്ടിരിക്കുന്ന ഒരു സ്ഥലത്ത് അല്ലെങ്കിൽ ഒരു ബന്ധത്തിൽ നിലനിൽക്കുക. 2. ക്ഷമാപൂർവം കാത്തിരിക്കുക അല്ലെങ്കിൽ എതിർപ്പില്ലാതെ അംഗീകരിക്കുക. 3. സ്ഥിരതയോടെ നിലനിൽക്കുക അല്ലെങ്കിൽ എന്തിനെങ്കിലും വേണ്ടി നിരന്തരം പ്രതീക്ഷയോടെ കാത്തിരിക്കുക. വി. വേദപുസ്തകത്തിൽ, 'വസിക്കുക' എന്ന വാക്ക് നൽകുന്ന അർത്ഥം എല്ലാ പ്രതികൂലങ്ങൾക്കുമുപരി നാം സൂക്ഷിക്കുന്ന ഒരു തുടർബന്ധമാണ് അല്ലെങ്കിൽ സ്ഥിരതയുള്ള ബന്ധം എന്നാണ്. അതിലുപരി, ഇത് ഫലപുറപ്പെടുവിക്കാൻ കഴിയുന്ന സജീവമായ ഒരു ബന്ധമാണ്. വസിക്കുക എന്നത് ചേതനയറ്റ ബന്ധമല്ല, മറിച്ച്, വളർന്നുകൊണ്ടിരിക്കുന്ന ഒരു ബന്ധമാണ്. ഇതിന് സ്ഥിരത ആവശ്യമായതിനാൽ സങ്കീർണ്ണമായ ആധുനിക ബന്ധങ്ങളോടൊപ്പം (modern hectic relationship) ഇത് നിലനിൽക്കില്ല. ദൈവവചനത്തിൽ വസിക്കുന്നത് ക്ഷണികമായ പ്രവൃത്തിയല്ല, മറിച്ച്, ജീവിതാവസാനം വരെ നിലനിൽക്കുന്ന സമർപ്പണമാണ്. ആയതിനാൽ, ഇതിനെ ഒരു ഫാഷനായിട്ടല്ല പാഷനായിട്ടാണ് (not a fashion but a passion) നാം മനസ്സിലാക്കേണ്ടത്.

മുന്തിരിച്ചെടിയും ശാഖകളും എന്ന് ഉപമയിലൂടെ വസിക്കുക എന്നതിന്റെ ഉള്ളർത്ഥങ്ങൾ വി. യോഹന്നാൻ അവതരിപ്പിക്കുന്നുണ്ട്. മുന്തിരിച്ചെടിയോടുള്ള ശാഖകളുടെ ബന്ധം സജീവവും അത് ശാഖകൾക്ക് ജീവൻ നൽകുന്നതും അവയെ വളർന്ന് പന്തലിക്കാനും ഫലം പുറപ്പെടുവിക്കാൻ സഹായിക്കുന്നതുമാണ്. യഥാർത്ഥത്തിൽ, ഈ സജീവമായ ബന്ധമാണ് ശാഖകളുടെ നിലനിൽപിന് അർത്ഥം നൽകുന്നത്. "മുപ്പ

www.malankaralibrary.com

തും, അറുപതും, നൂറുംമടങ്ങ്" (മർക്കോ 4:20) ഫലംപുറപ്പെടുവിക്കാനോ "ജീവന്റെ സമൃദ്ധി" (യോഹ 10:10) ഉണ്ടാകാനോ ഇത് ശാഖകളെ സഹായിക്കുന്നു. യേശു പറയുന്നു: "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" (യോഹ 15:5). സമൃദ്ധിയിൽ ഫലം പുറപ്പെടുവിക്കാനുള്ള മുൻകൂർ വ്യവസ്ഥ (prerequisite) വസിക്കുക എന്നതാണ്. നമ്മുടെ ജീവിതങ്ങൾ ഫലദായകമാകുന്നത് നാം യേശുവിൽ വസിക്കുമ്പോൾ മാത്രമാണ്. പുതിയ നിയമത്തിൽ, വസിക്കുക എന്നത് ജീവദായകമായ തത്വത്തിൽ സ്ഥിരതയോടെ നിലനിൽക്കുന്ന ഒരു പ്രവൃത്തിയാണ്. താഴ്ത്തടിയിൽ നിന്ന് ശാഖകളിലേയ്ക്ക് ജീവൻ പ്രവഹിക്കുന്ന സജീവമായ ഒരു ബന്ധമാണിത്.

**3. വസിക്കുക: ഒരു പരസ്പര സഹവാസം**

വസിക്കുക എന്ന യോഹന്നാന്റെ പ്രയോഗം അതിനാൽ അർത്ഥമാക്കുന്നത് ദൈവീക സാന്നിദ്ധ്യത്തിൽ താമസമാകുക അല്ലെങ്കിൽ വസിക്കുക, വളർന്നുകൊണ്ടിരിക്കുന്ന ഒരു മുന്തിരിച്ചെടിയിൽ സ്ഥിരമായി പറ്റിച്ചേർന്നിരിക്കുക എന്നാണ്. വസിക്കുക എന്നത് അചേതനമായ രണ്ടു വസ്തുക്കൾ തമ്മിലുള്ള ബന്ധമല്ല മറിച്ച്, സചേതനമായ രണ്ടു യാഥാർത്ഥ്യങ്ങൾ തമ്മിലുള്ള ബന്ധമാണ്. സഹവസിക്കുക എന്ന പ്രവൃത്തിയിലൂടെ മുന്തിരിച്ചെടിക്കും ശാഖകൾക്കും പ്രയോജനം ഉണ്ടാക്കുന്നു. ശാഖകൾക്ക് ഫലം പുറപ്പെടുവിക്കാനും മുന്തിരിച്ചെടി ജീവനുള്ളതാണെന്ന് സാക്ഷ്യപ്പെടുത്താനും സാധിക്കുന്നു. ഈ പശ്ചാത്തലത്തിൽ, ശാഖകൾ മുന്തിരിച്ചെടിയിൽ നിലനിൽക്കുന്നുവെന്നും മുന്തിരിച്ചെടി ശാഖകളിൽ ജീവിക്കുന്നുവെന്നും നമുക്ക് പറയാൻ സാധിക്കും. വി. യോഹന്നാൻ ശ്ലീഹാ വസിക്കുക എന്ന വാക്ക് പലപ്രാവശ്യം 15 - ാം അദ്ധ്യായത്തിൽ ഉപയോഗിക്കുന്നുണ്ട്. "നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോല എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല" (യോഹ 15:4). *മുന്തിരിച്ചെടിയും ശാഖയും* എന്ന ഉപമ, വസിക്കുക എന്നതിന്റെ അർത്ഥം വ്യക്തമാക്കുന്നുണ്ട്. വൃക്ഷത്തിൽ പറ്റിച്ചേർന്നു നിൽക്കുന്നില്ലെങ്കിൽ ശാഖകൾക്ക് ജീവൻ ഉണ്ടാകാത്തതുപോലെ, ജീവവൃക്ഷമായ യേശുക്രിസ്തുവിൽ വസിക്കാത്ത വിശ്വാസിക്കും ജീവനുണ്ടാവുകയില്ല. യേശു, വഴിയും സത്യവും ജീവനുമാണ് (യോഹ 14:6), അവനിൽ വസിക്കുന്നവർ 'ജീവൻ അതിന്റെ സമൃദ്ധിയിൽ' സ്വീകരിക്കുന്നു. യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം ലോകത്തിന് ജീവൻ നൽകുക എന്നതാണ്. "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനുമാണ്" (യോഹ 10:10). ആയതിനാൽ, ആരൊക്കെ ഈശോയിൽ

www.malankaralibrary.com

വസിക്കുന്നുവോ അവർക്കൊക്കെ ജീവൻ സമൃദ്ധമായുണ്ടാകും.

'വചനത്തിൽ വസിക്കുക' എന്നത് ക്രിസ്തുവിൽ ജീവിക്കുന്ന പ്രവൃത്തിയാണ്, അതുപോലെ നേരെമറിച്ചു. ഇത് പരസ്പര സഹവാസമാണ്. "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്ക് നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ..." (യോഹ 15:7) എന്ന് ഈശോ പറയുമ്പോൾ, സ്നേഹപൂർവമായ അനുസരണത്തിലൂടെ ഒരു വിശ്വാസി ത്രിയേക ദൈവത്തിൽ വസിക്കുന്നു എന്നാണ്, അന്യോന്യം ഉറപ്പാക്കുന്നത് എന്തെന്നാൽ, പരിശുദ്ധ ത്രിത്വത്തിലെ മൂന്നു ആളുകളും ആ വ്യക്തിയിൽ വസിക്കുന്നു എന്നുമാണ്. സ്നേഹമാണ് ഈ സഹവാസത്തിന്റെ ഉറവിടം. ദൈവവചനം അല്ലെങ്കിൽ ദൈവകല്പനകൾ പാലിക്കാനുള്ള ആന്തരിക ശക്തിയായി ദൈവസ്നേഹം മാറുന്നു. സ്നേഹത്തിലൂടെയും അനുസരണത്തിലൂടെയും നാം ദൈവത്തിൽ വസിക്കുകയും, അനന്തരഫലമായി ത്രിത്വത്തിലെ മൂന്നാളുകൾ നമ്മിൽ വസിക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽ ഈശോ പറയുന്നു: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്ത് വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14:23). ഇവിടെ, ഇത് പരസ്പര സഹവാസമാണ്. വാസ്തവത്തിൽ, ദൈവവചനത്തിൽ വസിക്കുന്നത് ത്രിയേകദൈവത്തിലുള്ള ജീവിതമല്ലാതെ മറ്റൊന്നുമല്ല.

**4. വസിക്കുക: സ്നേഹപൂർണമായ വിധേയത്വം**

'വചനത്തിൽ വസിക്കുക' എന്നത് സ്നേഹപൂർണമായ അനുസരണമാകയാൽ അത് ലൗകീകമായ സഹവാസത്തിന്റെ പിടിയിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുന്നു. ഒരു ശാഖയെ മരത്തിനോട് ചേർന്നു നിൽക്കാൻ പ്രേരിപ്പിക്കുന്ന ശക്തി സ്നേഹപൂർണമായ അനുസരണം അല്ലാതെ മറ്റൊന്നുമല്ല. മരത്തിൽ നിന്ന് ഒരിക്കലും മാറിപോകാതിരിക്കാനും മറ്റെന്തിലേയ്ക്കും ആഘർഷിക്കപ്പെടാതിരിക്കാനും ഇത് ശാഖകളെ സഹായിക്കുന്നു. ഈ വിധേയത്വം നിർബന്ധത്തിൽ നിന്നല്ല, മറിച്ച്, സ്നേഹത്തിൽ നിന്നും വിശ്വാസത്തിൽ നിന്നുമാണ് ഉളവാകുന്നുത്. ഈ അർത്ഥത്തിൽ, വസിക്കുക എന്നത് സ്നേഹത്തിൽ നിന്ന് ഉടലെടുക്കുന്ന വിശ്വാസത്തിന്റെ പ്രവൃത്തിയാണ്. ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം മനസിന്റെ വെറുമൊരു ഭാവനയല്ല, പിന്നെയോ, ഇത് ദൈവവചനം കൃത്യതയോടെ ജീവിക്കലാണ്. അതിനാൽ, വിശ്വസിക്കൽ ദൈവവചനം പാലിക്കലാണ്. അതിന് നാം ദൈവവചനം പഠിക്കണം; ദൈവവചനം പൂർണഹൃദയത്തോടെ സ്വീകരിക്കണം; ദൈവവചനം അനുദിന ജീവിതത്തിൽ നാം പ്രാവർത്തികമാക്കണം.

പരസ്പര സഹവാസം ജീവൻ നൽകുന്ന ഒരു പ്രക്രിയയാണ്. മരം അതിന്റെ

www.malankaralibrary.com

ജീവരസം അതിന്റെ ശാഖകൾക്ക് നൽകുകയും ശാഖകൾ മരത്തിന്റെ ജീവന്റെ അടയാളമായി ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. യേശു പറയുന്നു: "മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല" (യോഹ 15:4). വസിക്കുക എന്നത് ശാഖകൾക്ക് ഫലപുറപ്പെടുവിക്കാൻ സാധിക്കും എന്നതിന്റെ ഒരു മുൻവ്യവസ്ഥയും ഒരു ഉറപ്പുമാണ്. യഥാർത്ഥത്തിൽ, വസിക്കുക എന്നത് വ്യക്തികളെ നിലനിർത്തുന്ന ഒരു കൂട്ടായ്മ ജീവിതമാണ്, ഇത് ആവശ്യപ്പെടുന്നത് ജീവാത്മകമായ സത്യത്തോടുള്ള സ്നേഹപൂർണമായ ബന്ധമാണ്. ജീവന്റെ ഫലം പുറപ്പെടുവിക്കാൻ ദൈവവചനം നൽകുന്ന ഉറപ്പ് നൽകാൻ നമ്മുടെ ജീവിത്തിലെ മറ്റൊന്നിനും സാധിക്കില്ല. സഹവാസം ജീവൻ ഉറപ്പാക്കുന്നതിനാൽ അവിടെ ആകുലതകളോ ആശങ്കകളോ ഇല്ല. ദൈവം തന്നെ ഈ ഉറപ്പ് തന്നിട്ടുണ്ട്: "ആകാശവും ഭൂമിയും കടന്നുപോകും; എന്നാൽ എന്റെ വചനങ്ങൾ കടന്നുപോവുകയില്ല" (മത്താ 24:35). ഏതു സാഹചര്യത്തിലും, നാം കല്പനകൾ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്താൽ ദൈവവചനം നമ്മുടെ ഹൃദയത്തിൽ ഫലം പുറപ്പെടുവിക്കും. അതിനാൽ ഏശയ്യാ പ്രവാചകൻ പറയുന്നു: "പുല്ലു കരിയുന്നു; പുഷ്പം വാടുന്നു; നമ്മുടെ ദൈവത്തിന്റെ വചനമാകട്ടെ എന്നേയ്ക്കും നിലനിൽക്കുന്നു" (ഏശ 40:11). ദൈവവചനം നിത്യമാണ്, അത് നിത്യജീവൻ പ്രദാനം ചെയ്യുന്നു.

**5. വസിക്കുക: ശിഷ്യത്വത്തിലേയ്ക്കുള്ള ഒരു വിളി**

യോഹന്നാന്റെ സുവിശേഷത്തിൽ, സ്വർഗീയ പിതാവ് കൃഷിക്കാരനും യേശു മുന്തിരിച്ചെടിയുമാണ്. നാം ശാഖകളാണ്. യേശു പറയുന്നു: "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്ക് നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളത് ചോദിച്ചുകൊള്ളുക; നിങ്ങൾക്ക് ലഭിക്കും" (യോഹ 15:7). ഈ വാക്യത്തിൽ രണ്ടു പ്രവൃത്തികളെ വി. യോഹന്നാൻ സമാന്തരമായി അവതരിപ്പിച്ചിരിക്കുന്നു. *എന്നിൽ (ഈശോയിൽ) വസിക്കുക* എന്നതും *എന്റെ (ഈശോയുടെ) വചനം നിങ്ങളിൽ വസിക്കുക* എന്നതും ഒരു പോലെയാണ്. അതായത്, യേശുവിന്റെ വചനം നമ്മിൽ വസിക്കുമ്പോൾ നാം ഈശോയിൽ വസിക്കുന്നു. ഇവിടെ വസിക്കുക എന്നതിന്റെ അർത്ഥം ദൈവവചനം അനുസരിക്കുക അല്ലെങ്കിൽ പാലിക്കുക എന്നാണ്. ദൈവവചനം പാലിക്കുക എന്നതും യേശുക്രിസ്തുവിൽ വസിക്കുക എന്നതും തുല്യമാണ്. ദൈവവചനം പാലിക്കാത്തവർക്ക് ക്രിസ്തുവിൽ വസിക്കാൻ സാധിക്കില്ല. ആയതിനാൽ, ദൈവവചനം പാലിക്കുക എന്നതിനർത്ഥം ക്രിസ്തുവിനെ അനുഗമിക്കുക എന്നുമാണ്. 'എന്റെ വചനത്തിൽ വസിക്കുക' അർത്ഥമാക്കുന്നത് യേശുക്രിസ്തുവിന്റെ ശിഷ്യനാവുക എന്നതാണ്. അവന്റെ വചനത്തിൽ വസിക്കുക എന്ന പ്രവൃത്തിയിലൂടെ നാം

www.malankaralibrary.com

'അവന്റെ ശിഷ്യന്മാരാണെന്ന് തെളിയിക്കുന്നു.' ഇവിടെ വസിക്കുക എന്ന പ്രവൃത്തി ശിഷ്യരായിതീരുന്ന പ്രവൃത്തിയാണ്. "നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റെ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതു വഴി പിതാവ് മഹത്വപ്പെടുന്നു" (യോഹ 15:8). അതായത്, ശിഷ്യത്വമെന്നത് യാതൊരു മടിയും കൂടാതെ ദൈവവചനം പാലിക്കുന്ന പ്രവൃത്തിയാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ദൈവവചനത്തിൽ വസിക്കുന്നതിന്റെ ഫലമാണ് ശിഷ്യത്വം.

**6. വസിക്കുക: സത്യവെളിച്ചത്തിലൂടെയുള്ള ഒരു നടത്തം**

ദൈവവചനത്തിൽ വസിക്കുക എന്നതിനെ വാചികമോ മാനസികമോ ആയ ഒരു പ്രവർത്തനമായി കണക്കാക്കരുത്. ഇത് വെറുമൊരു ബൗദ്ധികമായ മനസ്സിലാക്കലോ മനഃപാഠമാക്കലോ അല്ല. ഒരാളുടെ ജീവിതത്തിലെ പ്രകാശമായും ഉപ്പായും ദൈവവചനത്തെ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുക എന്നതാണ് ഇതിനർത്ഥം. ഇവിടെ, ഇരുൾ നിറഞ്ഞ പാതകളിൽ നമ്മെ നയിക്കുന്ന ആന്തരിക വെളിച്ചമായി ദൈവവചനം മാറുന്നു. "നിന്റെ വചനം എന്റെ കാലുകൾക്ക് പ്രകാശവും, എന്റെ വഴികളിൽ വെളിച്ചവുമാണ്" (സങ്കീ 119:105) എന്ന് തിരിച്ചറിഞ്ഞ സങ്കീർത്തകൻ അതിനെ അനുധാവനം ചെയ്യാൻ തീരുമാനിച്ചു. "അങ്ങയുടെ നീതിയുക്തമായ കൽപനകൾ പാലിക്കുമെന്ന് ഞാൻ ശപഥപൂർവം നിശ്ചയിച്ചു"(സങ്കീ 119:106). സുഭാഷിതങ്ങളിൽ, നാം പാലിക്കേണ്ട കർത്താവിൽ നിന്നുള്ള അനുശാസനങ്ങളായിട്ടാണ് ദൈവവചനത്തെ എടുത്തിരിക്കുന്നത്. "എന്തെന്നാൽ കൽപന ദീപവും ഉപദേശം പ്രകാശവുമാണ്; ശിക്ഷണത്തിന്റെ ശാസനകളാകട്ടെ ജീവന്റെ മാർഗവും" (സുഭാ 6:23). ഒരു ശിഷ്യനെ സംബന്ധിച്ച് ജീവിതത്തിലെ മാർഗദീപമാണ് ദൈവവചനം. ആയതിനാൽ, നാം എപ്പോഴും ദൈവവചനത്തിന്റെ വെളിച്ചത്തിൻ കീഴിൽ പ്രയാണം ചെയ്യണം.

**7. വസിക്കുക: ജീവിതത്തിന് രുചി പകരുക**

"അങ്ങയുടെ വാക്കുകൾ എനിക്ക് എത്ര മധുരമാണ്! അവ എന്റെ നാവിന് തേനിനേക്കാൾ മധുരമാണ് (സങ്കീ 119:103). നാം ആസ്വദിക്കുകയാണെങ്കിൽ ലോകത്തിലെ ഏറ്റവും മധുരമേറിയ സാധനം ദൈവവചനമാണ്. ഇത് നമ്മുടെ ജീവിതത്തിന് ധാരാളമായ രുചി പകരുന്നു എന്നതിലുപരി, നമുക്ക് ചുറ്റുമുള്ള ലോകത്തെ വളരെയധികം മനോഹരമാക്കുകയും ചെയ്യുന്നു. ദുരിതങ്ങൾ നാം അനുഭവിക്കുമ്പോൾ നമ്മുടെ ജീവിതത്തിന് രുചിയില്ല എന്ന് നമുക്ക് തോന്നുന്നു. എന്നാൽ, പുളിമാവിലെ ഉപ്പുപോലെ ദൈവവചനം രുചിക്കൂട്ടായി നമ്മുടെ ജീവിതത്തിൽ ചേർക്കുമ്പോൾ നമ്മുടെ ജീവിതം മധുരതരമാകുന്നു. യഥാർത്ഥത്തിൽ, നാം ദൈവവചനത്തിൽ വസിക്കുമ്പോൾ, നമ്മുടെ ജീവിതം "ഭൂമിയുടെ ഉപ്പ്" (മത്താ 10:10) ആയി രൂപാന്തരപ്പെടുന്നു.

www.malankaralibrary.com

ഈ രൂപാന്തരീകരണം അല്ലെങ്കിൽ മെത്തനോയിയ (*metanoia*) മനുഷ്യജീവിതത്തിന് അർത്ഥം കൈവരുത്തുന്നു. ഈ ദൈവവചന വർഷത്തിൽ ദൈവവചനത്താൽ രൂപാന്തരീകരിക്കപ്പെട്ട ജീവിതം നയിക്കാനും അങ്ങനെ, മറ്റുള്ളവർക്ക് രുചികൂട്ടാകാനും നമ്മുടെ ചുറ്റുപാടുകളെ ദൈവവചന പ്രകാശത്താൽ പ്രകാശപൂരിതമാക്കാനും സഭ നമ്മോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

**8. ദൈവവചനത്തിൽ വസിക്കലിന്റെ ഫലങ്ങൾ**

യേശു പറയുന്നു: "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്ക് നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളത് ചോദിച്ചുകൊള്ളുക; നിങ്ങൾക്ക് ലഭിക്കും. നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റെ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതു വഴി പിതാവ് മഹത്വപ്പെടുന്നു" (യോഹ 15:7 – 8). ദൈവവചനത്തിൽ വസിക്കുന്നതിന്റെ അന്തര ഫലങ്ങൾ ധാരാളമാണ്.

a. **ദൈവത്തെ മഹത്വപ്പെടുത്തുക**: മനുഷ്യ സൃഷ്ടിയുടെ ആത്യന്തിക ലക്ഷ്യം ദൈവത്തെ അറിഞ്ഞ് സ്നേഹിക്കുകയും അങ്ങനെ ത്രിയേക ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുക എന്നതാണ്. ഇത് സാധ്യമാകുന്നത് നാം ക്രിസ്തുവിൽ വസിക്കുകയും ദൈവവചനം നമ്മിൽ വസിക്കുകയും ചെയ്യുമ്പോഴാണ്.

b. **ഫലദായകത്വം**: ദൈവവചനത്തിൽ വസിക്കുന്നവർക്ക് ധാരാളം ഫലം പുറപ്പെടുവിക്കാൻ സാധിക്കും. ആത്മാവിന്റെ ഫലങ്ങളായ സ്നേഹം ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്ത (ഗലാ 4:22) എന്നിവ പുറപ്പെടുന്നത് ദൈവവചനം സത്യസന്ധമായി ജീവിക്കുന്നവരിൽ നിന്നുമാത്രമാണ്. നമ്മുടെ ജീവിതത്തിലെ ഫലസമൃദ്ധി വെളിവാക്കുന്നതെന്തെന്നാൽ നാം വചനത്തിൽ വസിക്കുകയും വചനം നമ്മിൽ വസിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്.

c. **പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നു:** പലപ്പോഴും നമുക്കുണ്ടാകുന്ന അനുഭവം, നമ്മുടെ പ്രാർത്ഥനകൾക്ക് കർത്താവ് ഉത്തരം നൽകുന്നില്ല എന്നാണ്. ഈ സാഹചര്യത്തിൽ, പ്രശ്നം കർത്താവിന്റെ ഭാഗത്തല്ല, മറിച്ച് നമ്മുടെ ഭാഗത്താണ്. നാം തിരിച്ചറിയേണ്ട കാര്യം ദൈവവചനം ജീവിക്കാതെ നാം പ്രാർത്ഥിച്ചാൽ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കില്ല എന്നതാണ്. നാം നമ്മുടെ ആഗ്രഹങ്ങൾ ദൈവത്തോട് പ്രകടമാക്കേണ്ടത് വാചിക പ്രാർത്ഥനയിലൂടെ മാത്രമല്ല, നമ്മുടെ ജീവിതം കൊണ്ടും കൂടിയാണ്. വി. യാക്കോബ് നമ്മെ ഓർമപ്പെടുത്തുന്നു: "പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിർജ്ജീവമാണ്" (യാക്കോ 2:17). ഒരു വ്യക്തി ദൈവവചനം ജീവിക്കുമ്പോൾ അവൻ/അവൾ പ്രാർത്ഥനയുടെ മനുഷ്യനായി മാറുന്നു. പ്രാർത്ഥനാ ജീവിതം ദൈവവചന

www.malankaralibrary.com

ത്തിന്റെ അർത്ഥവത്തായ ജീവിക്കലല്ലാതെ മറ്റൊന്നുമല്ല.

d. **ശിഷ്യരായി തീരുക**: ദൈവവചനത്തിൽ വസിക്കുന്നവർക്ക് വചനമായ യേശു ക്രിസ്തുവിന്റെ ശിഷ്യനാകാതിരിക്കാൻ സാധ്യമല്ല. ഒരാൾ ഹൃദയത്തിൽ ദൈവ വചനം സൂക്ഷിക്കുമ്പോൾ അവൻ/ അവൾ ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യ നായി/ ശിഷ്യയായി പരിവർത്തനം ചെയ്യപ്പെടും. ശിഷ്യത്വം ക്രിസ്തുവിനെ അനുഗമിക്കാൻ വേണ്ടി മാത്രമല്ല, പിന്നെയോ, യേശുവിന് സാക്ഷ്യം നൽകാനും കൂടിയുള്ളതാണ്.

**9. വസിക്കൽ: വെല്ലുവിളിയും അനുഗ്രഹവും**

ആനുകാലിക ലോകത്തിൽ ദൈവവചനത്തിൽ വസിക്കുക എന്നത് ലളിതമായ ഒരു യജ്ഞമല്ല. എപ്പോഴും ദൈവവചനത്തെ തിരസ്ക്കരിക്കാനും ലോകത്തിന്റെ ശബ്ദത്തെ ശ്രദ്ധിക്കാനുമുള്ള പ്രലോഭനത്തിലാണ് നാം. ദൈവവചനം അനുസരി ക്കാനും ലോകത്തിന്റെ മോഹങ്ങളെ അതിജീവിക്കാനും നമുക്ക് ആന്തരിക ശക്തി ആവശ്യമാണ്. യുവജനങ്ങൾ എന്ന രീതിയിൽ, നമ്മുടെ ജീവിത ശൈലിയിൽ ലോക ത്തിലെ പലതരം അഭിനിവേശങ്ങളെ നാം പിൻതുടരാറുണ്ട്. പലപ്പോഴും, ജഡീകസുഖ ങ്ങളാണ് ഏറ്റവും വലിയ സുഖമെന്ന് പറയുന്ന വ്യക്തികളെ അന്ധമായി അനുകരി ക്കുന്ന മിഥ്യയിൽ നാം വീണുപോകാറുണ്ട്. നിത്യാനന്ദം അവരുടെ ഭാവനയിൽപോലുമില്ല. അവരുടെ കാഴ്ചപ്പാടിൽ, മരണാന്തര ജീവിതവും സ്വർഗവും യാഥാർത്ഥ്യമല്ല. താൽകാലിക സന്തോഷങ്ങളെ അവർ പിൻതുടരുന്നു. ശരീരത്തിന് നല്ലതായിട്ടുള്ള തുമാത്രം അവർ അന്വേഷിക്കുന്നു. ഈ സാഹചര്യത്തിൽ, നിത്യമായ മൂല്യങ്ങൾക്കും സന്തോഷത്തിനുവേണ്ടി കാംക്ഷിക്കുന്നത് ഒരു വലിയ വെല്ലുവിളി തന്നെയാണ്.

പല പ്രത്യയശാസ്ത്രങ്ങളും ലോകസമൃദ്ധിയുടെ തത്വശാസ്ത്രമാണ് പ്രോത്സാ ഹിപ്പിക്കുന്നത്. അതുപോലെ, പല ബഹുരാഷ്ട്ര കമ്പനികളും ഭൗതീകവാദം പ്രോത്സാ ഹിപ്പിക്കുന്നു. അവർ മനുഷ്യ ആത്മാവിനെയും അതിന്റെ ലക്ഷ്യത്തെയും അവ ഗണിക്കുകയും, മനുഷ്യ ശരീരത്തെയും മനസ്സിനേയും സംതൃപ്തിപ്പെടുത്താൻ അത്യാ വശ്യമായ ഏല്ലാറ്റിനേയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. യൗവനത്തിലും യുവ ത്വത്തിലും, മനുഷ്യ വികാരങ്ങൾ പലപ്പോഴും മനുഷ്യബുദ്ധിയെ മറികടക്കുന്നു. തൽ ഫലമായി, ഭൂരിഭാഗം യുവജനങ്ങളും കെട്ടുപൊട്ടിയ പട്ടംപോലെ പറക്കുകയാണ്. കാലക്രമത്തിൽ, ഭൗതീക സുഖങ്ങൾ മാത്രം പിൻതുടർന്നാൽ തങ്ങളുടെ ജീവിതം അർത്ഥശൂന്യമാണെന്ന തിരിച്ചറിവിൽ അവർ എത്തിച്ചേരുന്നു. അതുകൊണ്ട്, ദൈവ വചനത്തിൽ വസിക്കുന്നതും നിത്യമായ കാര്യങ്ങൾക്ക് മുൻഗണനാക്രമം നൽകു ന്നതും എപ്പോഴും അവർക്ക് യഥാർത്ഥത്തിൽ ഒരു വെല്ലുവിളിയാണ്.

www.malankaralibrary.com

ദൈവവചനമാണ് ലോകത്തിന്റെ മോഹങ്ങളെ അതിജീവിക്കാൻ നമ്മെ സഹായിക്കുന്നത്. ദൈവവചനം നിത്യാനന്ദത്തിലേയ്ക്കുള്ള നമ്മുടെ വഴികളെ പ്രകാശപൂരിതമാക്കുന്നു. നമ്മുടെ പാതകളിലെ പ്രതിബന്ധങ്ങളെ തരണം ചെയ്യാനുള്ള ശക്തി ഇത് നൽകുന്നു. ദൈവവചനം പ്രത്യാശയുടെ കിരണങ്ങൾകൊണ്ട് നമ്മുടെ ഹൃദയങ്ങളെ നിറയ്ക്കുന്നു. ദൈവവചനം നമ്മിൽ വസിക്കുമ്പോൾ, നിത്യമായതിനെ താൽകാലികമായതിൽ നിന്ന് വേർതിരിക്കാനുള്ള വ്യക്തമായ ഒരു കാഴ്ചപ്പാട് നാം സ്വന്തമാക്കുന്നു. നിത്യമായ യാഥാർത്ഥ്യങ്ങൾക്കുവേണ്ടി പരിശ്രമിക്കാനുള്ള ആന്തരീക ശക്തിയും ഇത് നൽകുന്നു. അതിലുപരി, യഥാർത്ഥ പ്രകാശവും ജീവനുമായ യേശുവുമായി ബന്ധപ്പെട്ടു നിൽകാനും ദൈവവചനം നമ്മെ സഹായിക്കുന്നു. തന്മൂലം, ദൈവവചനത്തിൽ വസിക്കുന്നത് എല്ലാ വിശ്വാസികൾക്കും ഒരു അനുഗ്രഹമാണ്.

**10. ലെക്സിയോ ദിവീന: ദൈവവചനത്തിന്റെ ഭക്തിപൂർവമായ വായന**

വി. ജെറോം പറയുന്നു: "തിരുലിഖിതത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്." ദൈവവചനം വായിക്കുന്നതും പഠിക്കുന്നതും അർത്ഥമാക്കുന്നത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള കൂടുതലായ അറിവിലും സ്നേഹത്തിലുമുള്ള പടിപടിയായ വളർച്ചയാണ്. ദൈവവചനത്തോടുള്ള നമ്മുടെ അടുപ്പം നമ്മുടെ കർത്താവായ യേശുക്രിസ്തുവിനോടുള്ള അടുപ്പമാണ്. സത്യത്തിൽ, ദൈവവചനത്തെ നാം നോക്കിക്കാണുന്നത് ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിൽ കണ്ടുമുട്ടുന്നതുപോലെ തന്നെയാണ്. ആയതിനാൽ ദൈവവചന പാരായണം ഒരിക്കൽ മാത്രം നടത്തുന്ന പ്രവൃത്തിയാകരുത്. നാം വായിക്കുകയും പുനർവായിക്കുകയും ചെയ്യുന്നതിലൂടെ നമുക്ക് ദൈവവചനത്തോടും അനന്തരഫലമായി യേശുക്രിസ്തുവിനോടുമുള്ള അടുപ്പം വർദ്ധിക്കുന്നു. 2006-ൽ ബ്രസീലിലെ റിയോ ദെ ജനെയിറോയിൽ (Rio de Janeiro) വച്ച് നടന്ന 21-ാം ലോക യുവജന ദിനത്തിൽ യുവജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട്, ബനഡിക്ട് 16-ാമൻ മാർപാപ്പാ പറഞ്ഞു: "ക്രിസ്തുവിൽ നിങ്ങളുടെ ജീവിതം പണിതുയർത്തണമെങ്കിൽ, വചനം ആനന്ദത്തോടെ സ്വീകരിക്കണമെങ്കിൽ, ഇതിലെ പ്രബോധനങ്ങളെ പ്രാവർത്തികമാക്കണമെങ്കിൽ: മൂന്നാം സഹസ്രാബ്ദത്തിലെ യുവജനങ്ങളെ, ഇതായിരിക്കണം നിങ്ങളുടെ പരിപാടി! നമ്മുടെ കാലഘട്ടത്തിലെ വെല്ലുവിളികളോട് പ്രത്യുത്തരിക്കാനും സുവിശേഷം അകലങ്ങളിലും വിസ്തൃതിയിലും പ്രചരിപ്പിക്കാനും കഴിവുറ്റതായ ക്രിസ്തുവിന്റെ വചനത്തിൽ നങ്കൂരമിട്ട അപ്പസ്തോലന്മാരുടെ ഒരു പുതുതലമുറ ഉടലെടുക്കേണ്ടതിന്റെ ആവശ്യകത അത്യാവശ്യമാണ്." ദൈവവചനത്തിലൂന്നി ജീവിക്കുന്ന ഒരു യുവതലമുറ ഇന്നിന്റെ ആവശ്യകതയാണ്. ഇത് നമ്മുടെ സഭയിലെ എല്ലാ യുവജനങ്ങൾക്കും നൽകിയിരിക്കുന്ന ഒരു വിളിയും വെല്ലുവിളിയുമാണ്.

www.malankaralibrary.com

ദൈവവചനത്തിന്റെ നിരന്തരമായ വായനയിലൂടെ നമുക്ക് യേശുക്രിസ്തുവുമായുള്ള സൗഹൃദമുണ്ടാക്കാൻ സാധിക്കും. ദൈവവചനത്തിന്റെ പാരായണം പ്രാർത്ഥനാപൂർവമായ ഒരു പ്രവൃത്തിയായിരിക്കണം. പ്രാർത്ഥനയിൽ നാം യേശുവുമായുള്ള ആശയവിനിമയം നടത്തുന്നു. അവൻ നമ്മോട് സംസാരിക്കുന്നതും നാം അവനോട് സംസാരിക്കുന്നതും പ്രാർത്ഥനയിലാണ്. പ്രാർത്ഥനയുടെ അന്തരീക്ഷം ഈ സംഭാഷണത്തിന് അനിവാര്യമാണ്. വചനപാരായണത്തിൽ ഈ സംഭാഷണം സാധ്യമാകണമെങ്കിൽ പ്രാർത്ഥനയുടെ അന്തരീക്ഷം സൂക്ഷിക്കേണ്ടതാണ്. ആയതിനാൽ, വി.വേദപുസ്തകത്തെ സമീപിക്കേണ്ടത് പ്രാർത്ഥനയുടേയും ധ്യാനത്തിന്റെ മനോഭാവത്തിലായിരിക്കണമെന്ന് സഭാപിതാക്കന്മാർ നമ്മോട് നിർദേശിക്കുന്നു. ദൈവവചനത്തിന്റെ പ്രാർത്ഥനാപൂർവമായ വായനയെ ലെക്സിയോ ദിവീനാ (*Lectio Divina*) എന്ന് വിളിക്കുന്നു. ബനഡിക്ട് 16-ാമൻ പാപ്പാ യുവജനങ്ങൾക്ക് *ലെക്സിയോ ദിവീനാ* വിവിരിച്ചുകൊടുത്തത് ഈ വാക്കുകളിലൂടെയാണ്: "ദൈവവചനം പഠിക്കാനും ആസ്വദിക്കാനുമുള്ള ആദരപൂർവമായ സമയമാണ്, വിവിധ ഘട്ടങ്ങളിലൂടെ അടയാളപ്പെടുത്തുന്ന യാഥാർത്ഥ്യവും സത്യസന്ധവുമായ ആത്മീയ തീർത്ഥാടനം ഉൾക്കൊള്ളുന്ന ലെക്സിയോ ദിവീനാ. തിരുലിഖിതത്തിലെ ഒരു ഭാഗത്തിന്റെ വായനയും പുനർവായനയും ഉൾപ്പെടുന്ന വായനയ്ക്ക് (*lectio*) ശേഷം അതിൽ നിന്ന് ഒരു ആശയമെടുത്ത്, നാം ധ്യാനത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഇത് ആന്തരിക പരിചിന്തനത്തിന്റെ സമയമാണ്, അവിടെ നമ്മുടെ ആത്മാവ് ദൈവത്തിലേയ്ക്ക് തിരിയുകയും എന്താണ് വചനം ഇന്ന് നമ്മോട് പറയുന്നതെന്ന് മനസിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. തുടർന്ന് വരുന്ന സംഭാഷണത്തിൽ (*oratio*) ദൈവത്തോട് നേരിട്ട് സംസാരിക്കാൻ നാം ബന്ധപ്പെട്ടു നിൽക്കുന്നു. അവസാനമായി, നാം ധ്യാനത്തിൽ (*contemplatio*) എത്തിച്ചേരുന്നു" (2006-ലെ 21-ാം ലോക യുവജനദിന സന്ദേശം). ക്രിസ്തു സാന്നിധ്യത്തിലേയ്ക്ക് നമ്മുടെ ഹൃദയങ്ങളെ ഉറപ്പിച്ചു നിറുത്താൻ ലെക്സിയോ ദിവീനാ നമ്മെ സഹായിക്കുന്നു. അതിലുപരി, ക്രിസ്തുവിനോടും അവന്റെ പ്രബോധനങ്ങളോടുമുള്ള വിശ്വസ്തയിൽ സ്ഥിരതയുള്ള ഒരു ജീവിതത്തിലേയ്ക്ക് ഇത് നമ്മെ നയിക്കുന്നു.

**11. ദൈവവചന വർഷം**

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു വർഷം ദൈവവചനത്തിനായി പ്രതിഷ്ഠിച്ചിരിക്കുകയാണ്. ഇത് തിരുവചനം നന്നായിട്ട് പഠിക്കാനുള്ള ഒരവസരമാണ്. ദൈവവചനം ആഴത്തിൽ പഠിക്കുന്നത് നമ്മുടെ മനസ്സുകളെ പ്രകാശിതമാക്കും. നാം ദൈവവചന വെളിച്ചത്തിൽ നമ്മെതന്നെ കണ്ടെത്തുന്നു: നമ്മുടെ ശക്തിയും ബലഹീനതയും, നമ്മുടെ ദൗത്യവും ദർശനവും. സത്യത്തിൽ, മുഖകണ്ണാടി പോലെ

www.malankaralibrary.com

ദൈവവചനത്തിൽ നോക്കുന്നവർക്ക് തങ്ങളെതന്നെ വസ്തുനിഷ്ഠാപരമായി കാണാൻ സാധിക്കും. ലോകത്തിലെ നമ്മുടെ നിയോഗം വീണ്ടും കണ്ടെത്താൻ ഇത് നമ്മെ സഹായിക്കുന്നു. പ്രിയപ്പെട്ട യുവജനങ്ങളെ, നമ്മെ തന്നെ പൂർണമായി കണ്ടെത്താനും യേശുക്രിസ്തുവിന്റെ സ്നേഹിതരെന്ന നിലയിൽ സഭയിലും സമൂഹത്തിലും പൂർണമായി പുഷ്പിക്കാനുമുള്ള ഒരു അവസരമായി ദൈവവചനത്തിന്റെ ഈ വർഷത്തെ നമുക്ക് മാറ്റാം.

**12. കർമ്മപദ്ധതി**

യുവജനങ്ങൾക്കുവേണ്ടി, ബനഡിക്ട് 16-ാമൻ മാർപാപ്പാ, *കർത്താവിന്റെ വചനം* (*Verbum Domini*) എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ എല്ലാവരോടുമായി ഒരു അഭ്യർത്ഥന നടത്തുന്നുണ്ട്. "തിരുലിഖിതത്തോടുള്ള ആത്മവിശ്വാസവും പരിചയവും നേടിയെടുക്കാൻ യുവജനങ്ങളെ നാം സഹായിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്, അങ്ങനെ അവർ (യുവജനങ്ങൾ) പിൻതുടരേണ്ട പാതയിലേയ്ക്കുള്ള മാർഗസൂചികയായി അവയ്ക്ക് (ദൈവവചനം) മാറാൻ സാധിക്കും." ദൈവവചനത്തിന്റെ ഈ വർഷത്തിൽ, യുവജനങ്ങളെ ദൈവവചനവുമായി പരിചയപ്പെടുത്തുന്ന ചില പരിപാടികൾ നമ്മുടെ യുവജന ശുശ്രൂഷയുടെ വിവിധ തലങ്ങളിൽ (യൂണിറ്റ്, ജില്ല/മേഖല, ഭദ്രാസന, സഭാതലങ്ങളിൽ) നാം ആവിഷ്ക്കരിച്ച് നടത്തേണ്ടതാണ്.

i) ദിവസേന വി. വേദപുസ്തകം വായിക്കുന്നത് ഒരു സ്വഭാവമായി വളർത്തിയെടുക്കുക.

ii) ഓരോ ദിവസവും ഒരു വചനം വീതം മനഃപാഠമാക്കുക. (ഒരാഴ്ചയിൽ 5 എണ്ണം വീതമെങ്കിലും)

iii) ഒരു വർഷംകൊണ്ട് ബൈബിൾ പൂർണമായി വായിക്കാനുള്ള കൃത്യമായ ഒരു പദ്ധതി തയ്യാറാക്കുക

iv) ബൈബിൾ ആഴത്തിൽ പഠിക്കാനുള്ള പരിപാടികൾ സംഘടിപ്പിക്കുക. അതിനായി ഓൺലൈൻ പഠനത്തിനുള്ള ബൈബിൾ ആപ്ലിക്കേഷനുകൾ ഉപയോഗിക്കാവുന്നതാണ്.

v) ലെക്സിയോ ദിവീന ചെറിയ ഗ്രൂപ്പുകളിൽ നടത്തുക.

vi) ഇടവകകളിലെ യുവജനങ്ങളെ ഒരുമിച്ചു കൂട്ടി ബൈബിളിൽ നിന്ന് ഒരു ഭാഗം വായിച്ച് ചിന്തകൾ പങ്കുവയ്ക്കാനായി ഓരോ ആഴ്ചയിലും കുറച്ചു സമയം മാറ്റിവയ്ക്കുക (ഓൺലൈൻ അല്ലെങ്കിൽ നേരിട്ട്)

www.malankaralibrary.com

vii) പ്രാർത്ഥനയ്ക്കും ബൈബിൾ വായനയ്ക്കുമായി മലങ്കര ആപ്പ് ഉപയോഗിക്കുക

viii) സുവിശേഷീകരണ ദൗത്യത്തിന്റെ ഭാഗമായി ബൈബിൾ അധിഷ്ഠിതമായ ഷോർട്ട് ഫിലിംസ്, അനുദിന വിചിന്തം എന്നിവ പ്രോത്സാഹിപ്പിക്കുക

ix) ഷോർട്ട് ഫിലിംസ്, ചെറുകഥകൾ, മുതലായവയിലൂടെ ബൈബിൾ കഥാപാത്രങ്ങളെ യുവജനങ്ങൾക്ക് പരിചയപ്പെടുത്തുക

x) ബൈബിൾ ഡയറിയെഴുതുന്ന ശീലം പരിചയപ്പെടുത്തുക (ബൈബിൾ വായിക്കുമ്പോൾ നിങ്ങളുടെ മനസിനെ സ്വാധീനിച്ച ഒരു വാക്യമെങ്കിലും ഒരു ഡയറിയിലോ ബുക്കിലോ എല്ലാ ദിവസവും എഴുതുക)

www.malankaralibrary.com

# Malankara Catholic Youth Movement (M.C.Y.M.)

# Theme 2025

*Youth, Abide in the Word of God*

**Central Secretariat 2024-25**

www.malankaralibrary.com

# Youth, Abide in the Word of God

**(MCYM Theme 2025)**

Prepared by: **Rev. Fr. Dr. Prabheesh George**
Global Director, MCYM

The Malankara Syrian Catholic Church is on the path to preparing for the celebration of the centenary of the Re-union Event which was held on 20 September 1930. For a meaningful centenary celebration of this great ecclesial movement in the last century in 2030, the Holy Episcopal Synod of our Church has declared *The Year of the Word of God* for the spiritual renewal of the faithful. As the young members of this apostolic Church, it is our responsibility to renew ourselves in the light of the Word of God. Therefore, in 2025, we focus all our activities of youth ministry on the theme: "Youth, Abide in the Word of God". We will reflect on this theme based on the prayer of the Psalmist: "Your word is a lamp for my feet, a light on my path" (119:105). When we pass through the darkness of despair and failure, it is the Word of God that illuminates our paths. St. James says that the word of God is like a mirror (James 1:23), in which one can see one's own true image. This means that the Word of God helps us to discover ourselves better by revealing our strength and weaknesses. Let us therefore reflect on this theme to renew our ecclesial as well as personal life in the light of the Word of God.

www.malankaralibrary.com

### 1. The Word of God: Life-Giving Light

The Gospel of John begins with the declaration: “In the beginning was the Word, and the Word was with God, and the Word was God” (Jn 1:1). The Fourth Gospel uses the Greek word *Logos* to designate the Word of God. The *Logos* is the *alpha* and *omega*, or beginning and end and hence it is eternal. In Johannine theology, God Himself is the *Logos*. It is the *Logos* which took human form through incarnation. Moreover, *Logos* is presented in the Gospel as a person. He is the second person in the Holy Trinity. The personified form of *Logos* is Christ, who was incarnated in human flesh. Therefore, St. John uses the words *Logos* and Christ interchangeably. “All things were made by him; and without him was not anything made that was made” (Jn 1:3). The *Logos* exists along with God, the Father, and He is the creative principle of the world. Nothing in the world came to existence without the *Logos*. Therefore, the *Logos* is presented as omnipotent, meaning that everything was created by the *Logos*; even life itself springs from the *Logos*. Christ, the eternal Word, is the source of our life and we receive eternal life from Christ, the true source of life. “Whoever believes in me, as Scripture has said, rivers of living water will flow from within them” (Jn 7:38).

“In him was life, and the life was the light of men. And the light shines in darkness; and the darkness did not comprehend it” (Jn 1:4-5). The Word of God is not only life-giving principle, but also the light of the World. Nothing can sustain without the Word of God. While St. John presents the Word as both life and light, St. Mathew tells of the birth of Jesus as a new dawn. “People in the darkness have seen a great light” (Mt 4:16). The incarnation of the Word is like the rising of the Sun in the darkness. That means,

www.malankaralibrary.com

the Word of God or Logos came to humanity as the light of the world. It is the "light of men" (Jn 1:4). During his public ministry, Jesus says: "I am the light of the World" (Mt. 10:10). The true light that guides us to eternal life is Jesus himself. Those who hold the hands of Jesus or follow the Word of God will never walk into darkness. It is from the Word of God that we receive the light in our lives. That is why Jesus says: "you are the light of the world" (Mt 5:14). As young people of Jesus, we are called to walk always in the light of the Word. Therefore, Jesus' invitation to 'abide in my words' is a call to be enkindled by the Word of God and also to shine forth as a true light in the world.

**2. Abide: An Ongoing Relationship**

Jesus' invitation to 'Abide in me' is an open invitation to all. The English word 'abide' comes from the Greek word *meno*. It has three different meanings: 1. To stay in a given place or relationship. 2. To endure patiently or accept without objection. 3. To remain stable or wait for something continuously. In the Bible, the word 'abide' gives us the meaning that it is an ongoing relationship or a constant relationship that remains stable despite all adversities. Moreover, it is an organic relationship that can produce further fruits. Abiding is not a static relationship rather a growing relationship. It should have permanency and therefore, not compete with the modern hectic relationship. Abiding in the Word of God is not a momentary act but should be lifelong commitment. Therefore, it should not be understood as a fashion but as a passion.

Through the parable of *vine and branches*, St. John presents the profound meaning of abiding. The relationship of branches with the vine is organic and gives life to branches and also helps

www.malankaralibrary.com

them to flourish and bear fruits. In fact, it is this organic relationship that gives meaning to the existence of the branches. It also helps the branches to bear fruits in "thirty, sixty and hundred folds" (Mk 4:20) or "life in abundance'' (Jn 10:10). Jesus says: "I am the vine, you are the branches; he who abides in Me and I in him, he bears much fruit, for apart from Me you can do nothing." (Jn 15:5). Abiding is a prerequisite for bearing fruits in abundance. Our lives become fruitful only when we abide in Jesus. In the New Testament, abiding is an act of remaining stable with a life-giving principle. It is an organic relationship in which the life flows from the stem to the branches.

### 3. Abiding: A Mutual Dwelling

John's use of the word 'abide' (*meno*), therefore, implies the activity of inhabiting or dwelling in the divine presence, to remain permanently affixed to a growing vine. Abiding is not a relationship between two dead realities but between two living realities. Through the act of abiding, both vine and branch receive benefits. Branches can bear fruits and give witness to vine as a living reality. In this regard, we can say that branches exist in vine and the vine lives in branches. St. John uses the word abide several times in Chapter 15. "Abide in Me, and I in you. As the branch cannot bear fruit of itself unless it abides in the vine, so neither can you unless you abide in Me" (Jn 15:4). The parable of the vine and branches illustrates the meaning of abiding. As a branch has no life if it does not abide in the tree, so also a believer can no longer exists without Jesus Christ, the Tree of life. Jesus is 'the Way, the Truth and the Life' (Jn 14:6), and those who abide in him receives life in abundance. The purpose of Jesus' incarnation is giving life to the world. "I have come so that they have life

www.malankaralibrary.com

in abundance" (Jn 10:10). Therefore, whoever abides in Jesus will have life in abundance.

Abiding in the Word is an act of living in Christ and vice versa. It is a mutual indwelling. When Jesus says, "If you abide in Me, and My words abide in you…" (Jn 15:7), it implies that a believer abides in the Triune God through the loving obedience, and it reciprocally assures that the three persons in the Trinity abides in that person. Love is the source of this abiding. Love of God becomes an inner force to obey the Word of God or commandments of God. Through love and obedience, we abide in God and consequently, three persons of the Trinity abide in us. This is why Jesus says, "Anyone who loves me will obey my teaching. My Father will love them, and we will come to them and make our home with them" (Jn 14:23). Here, this is a mutual abiding. In fact, abiding in the Word of God is nothing but a life in the Triune God.

**4. Abiding: A Loving Obedience**

'Abiding in the Word' is a loving obedience and it helps us to get freed from the clutches of worldly abiding. The driving force of a branch to abide in the tree is nothing but a loving obedience. It helps the branch never to separate from the tree and never be attracted to anything else. This obedience is not out of compulsion but out of love and faith. In this sense, abiding is an act of believing out of love. Our faith in Christ is not a mere mental imagination, but it is concretely living in the Word of God. Believing, therefore, is following the Word of God. For that, we should learn the Word of God; we should accept wholeheartedly the Word of God; and we should put the Word of God into practice in our daily lives.

www.malankaralibrary.com

Mutual abiding is a life-giving process. The tree gives its life-sap to its branches and branches bears fruits as a sign of the life in the tree. Jesus says: “A branch cannot produce fruit alone but must remain in the vine. In the same way, you cannot produce fruit alone but must remain in me” (15:4). Abiding is a prerequisite and an assurance that branches can bear fruits. In fact, abiding is a communal life that sustains its individual members and it requires loving relationship with the life-giving principle. Nothing in the world can give us assurance than the Word of God to produce the fruits of life. Abiding assures life and hence there is no worry nor tension. God himself has given this assurance: “Heaven and earth will pass away, but my words will never pass away” (Mt 24:35). In any circumstance, if we believe and obey the commandments, the Word of God bears fruits in our hearts. So the Prophet Isaiah says: “The grass withers and the flowers fall, but the word of our God endures forever” (Is 40:8). Word of God is eternal and it gives eternal life.

**5. Abiding: A Call to Discipleship**

In the Gospel of John, the heavenly Father is the farmer and Jesus is the vine. We are branches. Jesus says: “If you abide in Me, and My words abide in you, ask whatever you wish, and it will be done for you” (Jn 15:7). St. John parallels two actions in this verse. *Abide in me (Jesus)* is equal to *My (Jesus’) words abide in you*. That means, when the words of Jesus abide in us we are abiding in Jesus. Here abiding means obeying or following the Word of God. Obeying the Word of God and abiding in Jesus Christ are same. Anyone who does not follow the Word of God cannot abide in Jesus. Therefore, following the Word of God means following Jesus Christ. ‘Abiding in my Word’ implies becoming a dis-

www.malankaralibrary.com

ciple of Jesus Christ. Through the act of abiding in his words we 'prove to be his disciples.' Here the act of abiding is an act of becoming disciples. "My Father is glorified by this, that you bear much fruits, and so prove to be my disciples" (Jn 15:8). Therefore, discipleship is an act of following the Word of God without any hesitation. In other words, discipleship is the fruit of abiding in the Word of God.

**6. Abiding: A Walking in the True Light**

Abiding in the Word shall not be taken as a verbal or mental process. It is not mere intellectual understanding or memorization. It means believing and accepting the Word of God as the light and salt of one's own life. Here the Word of God becomes an inner light that guides us through the path of darkness. The Psalmist, realizing that "The Word of God is a lamp unto the feet, and a light unto the path" (Ps 119:105) decided to follow them. "I have sworn, and I will perform it, that I will keep thy righteous judgments" (Ps 119:106). In the book of Proverbs, the Word of God is taken as a prescript from the Lord to be followed. "For the commandment is a lamp; and the law is light; and reproofs of instruction are the way of life" (Prov 6:23). For a disciple, the Word of God is a guiding light in daily life. Therefore, we should always walk under the light of the Word of God.

**7. Abiding: Giving Taste to Life**

"How sweet are your words to my taste, sweeter than honey to my mouth" (Ps 119:103). The sweetest thing in the world is the word of God if you enjoy it. It gives more taste to our lives and moreover, it makes the world around us more beautiful. It is like salt that gives taste to everything around. When we experience

www.malankaralibrary.com

bitterness, we feel that our life is tasteless. But when we add the flavour of Word of God to our lives as salt to leaven, our life becomes sweet.  In fact, once we abide in the Word of God, our life will be transformed as “salt of the earth” (Mt.10:10). This transformation or *metanoia* brings meaning to human life. In this *Year of the Word of God*, the Church asks us to live a life transformed by the Word of God, thus giving flavour to others, illuminating our surroundings with the light of the Word of God.

**8. Fruits of Abiding in the Word**

Jesus says: “If you abide in Me, and My words abide in you, ask whatever you wish, and it will be done for you. My Father is glorified by this, that you bear much fruit, and so prove to be My disciples” (Jn 15:7-8). There are various fruits that those who abide in the Word of God produce.

**i. Glorify the God:** The ultimate purpose of creating man is to know and love God, thus glorifying the Triune God. It is possible only when we abide in Christ and the Word of God abide in us.

**ii. Bear much fruits:** Those who abide in the Word of God can bear much fruits. The fruits of the Spirits i.e., love, joy, peace, patience, kindness, goodness, faithfulness, gentleness, self-control (Gal 5:22-23) are born from only those who live the word of God faithfully. The abundance of fruit shows that they abide in the Word and that the Word abides in them.

**iii. Prayers will be answered:** Most of the time we experience that our prayers are not answered by the Lord. In this situation, the fault lies not with the Lord, but with us. We should realize that if we pray without living the Word of God, your prayers will not be answered. We must express our desires to God not

www.malankaralibrary.com

only through verbal prayers, but also through the very life itself. St. James reminds us that "faith without action is fruitless" (cf. Jam 2:17). When one lives the Word of God, he or she becomes a person of prayer. A prayer life is nothing but a meaningful living of the Word of God.

**iv. Becomes disciples:** Those who abide in the Word of God cannot but become a disciple of Jesus Christ, the *Logos*. When one keeps the Word of God in the heart, he or she will be transformed as a true disciple of Jesus. Discipleship is not only following Jesus Christ, but also bearing witness to Jesus, the Saviour. As disciples of Jesus, we must bear witness to the Life-giving Tree, the Logos.

### 9. Abiding: Challenge and Blessing

Abiding in the Word of God is not an easy task in our contemporary world. We are always tempted to abandon the Word of God and to listen the voice of the world. To obey the Word of God we need inner strength to overcome the passions of the world. As young people, we pursue many passions in our lifestyle in the world. Most of the time, we fall into the delusion of blindly following those people who talk about carnal happiness as the greatest happiness. Eternal bliss is unimaginable to them. In their perspective, life after death and heaven are not real. They pursue momentary happiness. They seek only what is good for body. In this context, striving for eternal values and happiness is really a challenge.

Many ideologies promote the philosophy of worldly prosperity. Similarly, many multinational companies promote materialism. They ignore the human soul and its destiny and promote every-

www.malankaralibrary.com

thing necessary to satisfy human flesh and mind. In youthhood or adulthood, human passion often overtakes human intellect. Consequently, most of the youth fly like a kit without tread. They lose their vision and mission in life. Gradually, they come to the realization that their lives become meaningless if they only pursue material pleasures. Therefore, it is really a challenge for them always to abide in the Word of God and make a preferential option for what is eternal.

It is the Word of God that helps us to overcome the passions of the World. The Word of God enlightens our paths to eternal bliss. It gives us the strength to overcome the barriers on our path and to march forward. The Word of God fills our hearts with the rays of hope. When the Word of God abides in us, we gain a clear vision to distinguish eternal from temporary. It also gives us the inner energy to strive for the eternal realities. Moreover, the Word of God helps us to stay connected always with Jesus, the true light and life. Hence, it is a blessing for all believers to abide in the Word of God.

### 10. *Lectio Divina*: Devotional Reading of the Word of God

St. Jerome says: "Ignorance of the Scriptures is ignorance of Christ." Reading and learning the Word of God means that it is a gradual growth in knowing and loving Jesus Christ more. Our nearness to the Word of God is our nearness to Jesus Christ, our Lord. In fact, looking at the Word of God is same as encountering Jesus Christ in our life. Therefore, reading the Word of God shall not be one time exercise. We should read and reread and it gives us proximity to the Word of God and consequently to Jesus Christ. Pope Benedict XVI, addressing the Youth on 21st World Youth Day held at Rio de Janeiro in Brazil in 2006, said, "To build your life on

www.malankaralibrary.com

Christ, to accept the Word with joy and put its teachings into practice: this, young people of the third millennium, should be your programme! There is an urgent need for the emergence of a new generation of apostles anchored firmly in the word of Christ, capable of responding to the challenges of our times and prepared to spread the Gospel far and wide." A young generation anchored in the Word of God is a need of the time. It is an invitation as well as a challenge given to all youth in our Church.

Through constant reading of the Word of God we can make friendship with Jesus. Reading of the Word of God should be a prayerful act. In prayer we converse with Jesus. It is in prayer that He speaks to us and we speak to Him. A prayerful setting is necessary for this conversation. To make this conversation possible in the Reading of the Word, we should observe the setting of prayer. Hence, the Fathers of the Church proposed to us to approach the Holy Scripture in a prayerful and meditative setting. A meditative reading of the Word of God is called *Lectio Divina*. Pope Benedict explains *Lection Divina* to the youth in following words: "A time-honoured way to study and savour the word of God is *lectio divina* which constitutes a real and veritable spiritual journey marked out in stages. After the *lectio*, which consists of reading and rereading a passage from Sacred Scripture and taking in the main elements, we proceed to *meditatio*. This is a moment of interior reflection in which the soul turns to God and tries to understand what his Word is saying to us today. Then comes *oratio* in which we linger to talk with God directly. Finally, we come to *contemplatio*." (Message on 21st World Youth Day in 2006). *Lectio Divina* helps us to keep our hearts attentive to the presence of Christ. Moreover, it leads us into a life of consistent fidelity to Christ and his teachings.

www.malankaralibrary.com

**11. The Year of the Word of God**

Malankara Syrian Catholic Church dedicated a year to the Word of God. It is an occasion for us to learn the Holy Scriptures better. Learning the Word of God in depth will enlighten our minds. We discover ourselves in the light of the Word of God: our strength and weakness, mission and vision. In fact, those who look at the Word of God like a mirror can see themselves objectively. This helps us rediscover our destiny in the world. Dear Youth, let us make this *Year of the Word of God* an opportunity to discovery ourselves fully to flourish as friends of Jesus Christ in the Church and the society.

**12. Action Plan**

On behalf of the youth, Pope Benedict XVI makes an open appeal to all in his apostolic exhortation *Verbum Domini*, "We need to help young people to gain confidence and familiarity with sacred Scripture so it can become a compass pointing out the path to follow" In this *Year of the Word God*, we should chalk out some programmes that make our youth familiar with the Word of God at different levels (unit, district/regional, eparchial and ecclesial levels) of our youth ministry.

i) Make it a habit to read the Holy Bible daily.

ii) Memorize one Bible verse every day (at least five per week).

iii) Arrange some concrete plans to read the entire Bible in one year.

iv) Organize programmes to learn Bible in depth. It is better follow any of the Bible Learning Applications in online.

v) Practice *lectio divina* in small groups.

www.malankaralibrary.com

vi) Set aside time at least once a week for all members of MCYM in parish to come together, read a passage from the Holy Bible, and share their thoughts (either online or direct).

vii) Follow Malankara App for prayers and Bible Reading.

viii) Promote Bible-based short films and daily reflections as part of of evangelization.

ix) Familiarize important Bible Characters to Youth through short films, short stories etc.

x) Introduce the habit of writing Bible Diary (every day write down in a dairy/book the verse (at least one) which strikes your mind while reading the Bible).